**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1711** **19-01-2021 - ൽ മറുപടിയ്ക്ക്**

**സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചിട്ടുള്ള കോളേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ. എ. നെല്ലിക്കുന്ന് | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചിട്ടുള്ള എത്ര കോളേജുകളുണ്ടെന്ന് ജില്ല തിരിച്ച് പേരു സഹിതം വ്യക്തമാക്കാമോ ; | (എ) | പത്ത് കോളേജുകളുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു. തിരുവനന്തപുരം ഗവ. വനിതാ കോളേജ് ഗവ. കോളേജ്, നെടുമങ്ങാട് യൂണിവേഴ്സിറ്റി കോളേജ് കോട്ടയം ഗവ. കോളേജ്, കോട്ടയം എറണാകുളം മഹാരാജാസ് കോളേജ് കണ്ണൂർ ഗവ. ബ്രെണ്ണൻ കോളേജ് പാലക്കാട് ഗവ. കോളേജ്, ചിറ്റൂർ ഗവ. വിക്ടോറിയ കോളേജ് ശ്രീ നീലകണ്ഠ സംസ്കൃത കോളേജ്, പട്ടാമ്പി കാസർഗോഡ് ഗവ. കോളേജ്, കാസർഗോഡ് |
| (ബി) | സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചിട്ടുള്ള കോളേജുകളിൽ നിർബന്ധമായും വേണ്ട കോഴ്സുകൾ എത്രയാണെന്നും സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ; | (ബി) | സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചിട്ടുള്ള കോളേജുകളിൽ ഏതെങ്കിലും പ്രത്യേക കോഴ്സുകളോ സംവിധാനങ്ങളോ നിർബന്ധമായും വേണ്ടതായി നിഷ്കർഷിച്ചിട്ടില്ല. |
| (സി) | സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചിട്ടുള്ള കോളേജുകളിൽ നിലവിലുള്ള കോഴ്സുകളും സംവിധാനങ്ങളും എന്തൊക്കെയാണെന്ന് കോളേജ് തിരിച്ചു വ്യക്തമാക്കാമോ ; | (സി) | അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (ഡി) | എല്ലാ സെന്റർ ഓഫ് എക്സലൻസും റിസർച്ച് സെന്റർ കൂടിയാണോ ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | (ഡി) | എല്ലാ സെൻർ ഓഫ് എക്സലൻസ് കോളേജുകളിലും ചില ഡിപ്പാർട്ട്മെന്റുകളിൽ റിസർച്ച് സെന്ററുകൾ ഉണ്ട്. റിസർച്ച് ഡിപ്പാർട്ട്മെന്റിൽ കുട്ടികൾക്കാവശ്യമായ ലാബ് സൗകര്യങ്ങളും ലൈബ്രറി സൗകര്യങ്ങളും ലഭ്യമാണ്. എന്നാൽ പൊതുവായി ഉപയോഗിക്കാത്ത ലാബ് ഉപകരണങ്ങൾ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ CSIR പോലുള്ള റിസർച്ച് ലാബുകളെ ഉപയോഗപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ